"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 187/07, 345/07, 431/07 കേസുകളിൽ കോടതി വിധി പ്രകാരം ഒടുക്കുവാൻ ശേഷിക്കുന്ന തുക അടവാക്കുന്നതിനായി 49,20,885/- രൂപ (നാല്പത്തിയൊൻപത് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1638/2026/LSGD തീയതി,തിരുവനന്തപുരം, 01-09-2026

---

പരാമർശം:-

1. 23.02.2025-ലെ GO(Rt) No. 537/2025/LSGD നമ്പർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.02.2026-ലെ LSGD/PD/44614/2024-REV5 നമ്പർ കത്ത്
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 19.05.2026- ലെ K1-8669/11 നമ്പർ കത്ത്
4. 18-06-2026 ലെ സ.ഉ.(സാധാ) നം.1133/2026/LSGD നമ്പർ ഉത്തരവ്
5. 10.08.2026 - ലെ G.O.(Rt) No.6357/2026/FIN നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07 കേസുകളിൽ കോടതി വിധിപ്രകാരമുള്ള വിധിക്കടത്തുക അടവാക്കുന്നതിനു CRDP യുടെ ഹെഡിൽ നിന്നും (4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan Charged) 33,75,99,631/-(മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ചു നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നടപടി പൂർത്തിയാക്കി ബഹു.കോടതി മുൻപാകെ തുക കെട്ടിവച്ചപ്പോൾ ഉണ്ടായ കാലതാമസത്തെ തുടർന്ന്, തുക അനുവദിച്ച ഉത്തരവിൽ പരിഗണിച്ചിരുന്ന തീയതി മുതൽ തുക കെട്ടിവച്ച തീയതിവരെയുള്ള ദിവസങ്ങൾക്ക് ആനുപാതികമായി പലിശ സഹിതം എൽ.എ.ആർ 187/07 നമ്പർ കേസിൽ അടവാക്കാനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. തുടർന്ന് എൽ.എ.ആർ 187/07 കേസിനൊപ്പം ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട 345/07, 431/07 കേസുകളിൽ കൂടി മേല്പറഞ്ഞ പ്രകാരം ഒടുക്കുവാൻ ശേഷിക്കുന്ന തുക അടവാക്കുന്നതിനായി 30/06/26 എന്ന അധികരിച്ച തീയതി അടിസ്ഥാനമാക്കി പലിശ കണക്കാക്കിയതിൻ പ്രകാരമുള്ള 49,20,885/- രൂപ

(നാൽപ്പത്തിയൊൻപത് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം.) **4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan Charged)** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം **(3)** പ്രകാരം ആവശ്യപ്പെട്ടിരുന്നു

**2.** ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ **187/07, 345/07, 431/07** കേസുകളിൽ കോടതി വിധി പ്രകാരം ഒടുക്കുവാൻ ശേഷിക്കുന്ന തുക അടവാക്കുന്നതിനായി **30/06/26** എന്ന അധികരിച്ച തീയതി അടിസ്ഥാനമാക്കി പലിശ കണക്കാക്കിയതിൻ പ്രകാരമുള്ള **49,20,885/-** രൂപ **4217-01-800-99 Capital Region Development Project (Plan Charged)** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം **(4)** പ്രകാരവും, പ്രസ്തുത തുക ജില്ലാ കളക്ടറുടെ **61BA01** എന്ന **SCO** കോഡിലേക്ക് ലഭ്യമാക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ **49,21,000/-** രൂപയുടെ അധിക ധനാനുമതി നൽകി പരാമർശം **(5)** പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനായി സ്വാകാര്യവ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ **187/07, 345/07, 431/07** കേസുകളിൽ കോടതി വിധി പ്രകാരം ഒടുക്കുവാൻ ശേഷിക്കുന്ന തുകയും പലിശയും ഉൾപ്പെടെ അടവാക്കുന്നതിനായി **30/06/26** എന്ന തീയതി അടിസ്ഥാനമാക്കി ആകെ **49,20,885/-** രൂപ (നാല്പത്തിയൊൻപത് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) പ്രിൻസിപ്പൽ സെക്രട്ടറി **(67 DL) CCO** ആയിട്ടുള്ള **CRDP- '4217-01-800-99 CAPITAL REGION DEVELOPMENT PROJECT (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ **61BA01** എന്ന **SCO** കോഡിലേക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ട്
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ട്രാൻസ്പോർട്ട് (എ ) വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ് ) വകുപ്പ് **(Dev2/95/2022/Fin)**

ഉത്തരവിൻ പ്രകാരം

Digitally signed by
Shaija R M
Date: 01-09-2026
13:57:04
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ്  സെക്രട്ടറിയുടെ പി.എ.യ്ക്ക്